## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6590 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### ഹോട്ടലുകളിലെ കുടിവെള്ള പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളിലെ ഹോട്ടലുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) കേരളത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിട ങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തി കൾക്കും നിശ്ചിത ഫീസടച്ച് വെള്ളത്തിന്റെ ഗുണനിലവാരം ടി ലാബുകളിൽ പരിശോധി ക്കാവുന്നതാണ്. പുതിയതായി നിലവിൽ വന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡിന്റെ നിർവചനത്തിൽ പാചകത്തിനുപയോഗിക്കുന്ന ജലവും ഉൾപ്പെ ടുത്തിയിട്ടുണ്ട്. ആയതിനാൽ മറ്റ് ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോ ധിക്കുന്ന സമയത്ത് പാചകത്തിനുപ യോഗിക്കുന്ന ജലത്തിന്റെ ഗുണനില വാരവും പരിശോധിക്കുന്നതാണ്. |
| ബി) പ്രസ്തുത സംവിധാനങ്ങളുടെ പ്രവർത്തനം വിലയിരുത്താൻ ജനപ്രതി നിധികളെ ഉൾപ്പെടുത്തി താലൂക്ക് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) പുതിയതായി നിലവിൽ വന്ന 2006 -ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമത്തിൽ താലൂക്ക്തല കമ്മിറ്റികൾ രൂപീകരി ക്കണമെന്ന് നിഷ്കർഷിക്കുന്നില്ല. |

| | |
|---|---|
| സി) ഹോട്ടലുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിൽ ഇ-കോളി ബാക്ടീരിയ കളുടെ സാന്നിദ്ധ്യം കണ്ടെത്തി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഹോട്ടലുകളിലും ബേക്കറികളിലും കൂൾബാറിലുമെല്ലാം ഉപയോഗിക്കുന്ന വെള്ളം പരിശോധിക്കാൻ ശാസ്ത്രീയ സംവിധാനം താലൂക്ക് തലത്തിൽ ഏർപ്പെടുത്തുമോ? | ഡി) താലൂക്ക് തലത്തിൽ ഉടൻ ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ സ്ഥാപി ക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ